പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : T 2415

08.12.2015-ൽ മറുപടിക്ക്.

## ഹജ്ജ് തീർത്ഥാടനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.ടി.എ. റഹീം | പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) തുടർച്ചയായ നാല് വർഷം അപേക്ഷിച്ചിട്ടും ഹജ്ജ് തീർത്ഥാടനത്തിനായി തെരഞ്ഞെടുക്കപ്പെടാത്ത എത്ര അപേക്ഷകരാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) തുടർച്ചയായ നാലുവർഷം അപേക്ഷിച്ചിട്ടും ഹജ്ജ് തീർത്ഥാടനത്തിനായി തെരഞ്ഞെടുക്കപ്പെടാത്ത 8726 അപേക്ഷകരാണ് കേരളത്തിൽ നിലവിലുള്ളത്. |
| (ബി) മൂന്ന് വർഷവും രണ്ടു വർഷവും വീതം തുടർച്ചയായി അപേക്ഷിച്ച എത്ര പേർ നിലവിലുണ്ട്; | (ബി) തുടർച്ചയായ 4-ാം വർഷം അപേക്ഷിക്കുന്നവരെ റിസർവ്വ് 'ബി' കാറ്റഗറിയിലുൾപ്പെടുത്തി പ്രത്യേകം രജിസ്റ്റർ ചെയ്യുന്നുണ്ട്. എന്നാൽ 1,2,3 വർഷങ്ങളിൽ അപേക്ഷിക്കുന്നവർ ജനറൽ കാറ്റഗറിയിലാണ് റജിസ്റ്റർ ചെയ്യപ്പെടുന്നത് എന്നതിനാൽ വർഷം തിരിച്ചുള്ള പ്രത്യേകം കണക്കുകൾ ലഭ്യമല്ല. ജനറൽ കാറ്റഗറിയിൽ 2015 ഹജ്ജിന് 50,114 അപേക്ഷകളാണ് ഉണ്ടായിരുന്നത്. |
| (സി) നാല് വർഷം തുടർച്ചയായി ഹജ്ജിന് അപേക്ഷിച്ചവർക്ക് നറുക്കെടുപ്പില്ലാതെ അവസരം ലഭിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) നാല് വർഷം, തുടർച്ചയായി ഹജ്ജിന് അപേക്ഷിയ്ചിട്ടും അവസരം ലഭിക്കാത്ത 8726 പേരെയും നറുക്കെടുപ്പില്ലാതെ തെരഞ്ഞെടുക്കുന്നതിനു ആവശ്യമായ ക്വാട്ട സംസ്ഥാനത്തിന് അനുവദിക്കുന്നതിന് കേന്ദ്ര സർക്കാറിലും കേന്ദ്ര ഹജ്ജ് കമ്മിറ്റിയിലും ശക്തമായ സമ്മർദ്ദം ചെലുത്തുന്നുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യം കേന്ദ്ര വിദേശകാര്യവകുപ്പ് മന്ത്രിയേയും മറ്റു ബന്ധപ്പെട്ടവരേയും നേരിൽ കണ്ടു ബോദ്ധ്യപ്പെടുത്താൻ ഹജ്ജ് കമ്മിറ്റി ഒരു പ്രതിനിധി സംഘത്തെ അയക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

V.Beena

സെക്ഷൻ ഓഫീസർ